## ഗുരുവായൂർ

# ചെകുത്താൻ കീഴടക്കിയ തീർത്ഥാടനകേന്ദ്രം

പ്രമോദ്

ഉണ്ണിക്കണ്ണന്റെ പേരിൽ പുകൾ നേടിയ ഗുരുവായൂർ ഇന്ന് ലോകശ്രദ്ധ നേടുന്നത് അഭിമാനാർഹമല്ലാത്ത ചില കാര്യങ്ങളുടെ പേരിലാണ് - അഴിമതിയുടെ, മൃഗപീഡനത്തിന്റെ, ആത്മഹത്യകളുടെ, വ്യഭിചാരത്തിന്റെ, തട്ടിപ്പറികളുടെ, അധോലോക സംഘങ്ങളുടെ, അഴുക്കിന്റെ, വൃത്തിഹീനതയുടെ...... ഒക്കെ തലസ്ഥാനമായി മാറിയ ഒരിടമാണിന്ന് ഗുരുവായൂർ.

ഭൂമിയിലെ ഏറ്റവും മനോഹരമായ പ്രദേശമായിരുന്നത്രേ ഗുരുവായൂർ. അതുകൊണ്ടായിരുന്നു ദേവഗുരുവും വായുവും മഹാവിഷ്ണുവിന്റെ വിഗ്രഹം പ്രതിഷ്ഠിക്കാൻ ഇവിടം തിരഞ്ഞെടുത്തത് - ഇത് ഐതിഹ്യം എങ്കിലും കാൽനൂറ്റാണ്ടു മുമ്പുവരെ ഗുരുവായൂർ മനോഹരമായ ഒരു ഗ്രാമമായിരുന്നു എന്നത് വാസ്തവം.

ഇന്ന്, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമായ ഈ സ്ഥലം എല്ലാ തരത്തിലും അഴുകിനാറിയ ഒരു പാതാളമാണ്.

എല്ലാ മാസവും ദർശനത്തിനെത്തുന്ന അഴിമതിക്കാരായ ഭക്തന്മാരും ദേവസ്വം ഭരണ കർത്താക്കളായ അഴിമതിക്കൂട്ടപ്പന്മാരും ഗുരുവായൂരിനുണ്ടാക്കിയ കുപ്രശസ്തി മാറ്റിനിർത്താം. ആനത്താവളത്തിലും ഗോശാലയിലും നടക്കുന്ന മൃഗപീഡനങ്ങൾ ഉണ്ടാക്കിയെടുത്ത പെരുമയും മാറ്റിനിർത്താം. എന്നിട്ടും, ആത്മഹത്യകളും വ്യഭിചാരവും തട്ടിപ്പറികളും മാഫിയസംഘങ്ങളും അഴുക്കുചാലുകളും ദുർഗന്ധവും ഒക്കെച്ചേർന്ന് ഗുരുവായൂർ ഉപമകളില്ലാത്ത പാതാള നഗരിയാവുകയാണ്. ഒരു തീർത്ഥാടന കേന്ദ്രത്തിനു സംഭവിക്കാവുന്ന ഏറ്റവും വലിയ പതനം.

മലബാറിന്റെ തെക്കെ മൂലയിലായി സാമൂതിരിയുടെ അധീനതയിലായിരുന്ന ഈ വൈഷ്ണവ ക്ഷേത്രത്തിന്റെ പ്രശസ്തി ആരംഭിക്കുന്നത്, മേല്പത്തൂരിന്റെയും പൂന്താനത്തിന്റെയുമൊക്കെ കാലത്തോടെയാണ്. നാരായണീയം എന്ന മഹാകാവ്യവും, 1931 ലെ ഗുരുവായൂർ സത്യാഗ്രഹവും 1960 കളുടെ ആദ്യത്തിൽ ഇവിടെ വെച്ചു നടന്ന ഹിന്ദുമത സമ്മേളനങ്ങളുമൊക്കെ, കേരളത്തിനുവെളിയിലും ഈ ക്ഷേത്രം അറിയപ്പെടുന്നതിനിടയാക്കി. മുത്തു സ്വാമി ദീക്ഷിതരെയും ചെമ്പൈയെയും പോലുള്ള ഭക്തർ പുറം ദേശങ്ങളിൽ നടത്തിയ നിരന്തര പ്രചരണങ്ങൾ തമിഴ്നാട്, കർണ്ണാടക, ആന്ധ്ര എന്നിവിടങ്ങളിൽ നിന്നുള്ള ഭക്ത ജനങ്ങളുടെ പ്രവാഹത്തിന് തുടക്കമിട്ടു. ശബരിമല തീർത്ഥാടനത്തോടു ബന്ധപ്പെടുത്തി അയ്യപ്പൻമാർ ഗുരുവായൂരും സന്ദർശിക്കാൻ തുടങ്ങിയതോടെ തെക്കെ ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ തീർത്ഥാടക കേന്ദ്രങ്ങളിലൊന്നായി ഗുരുവായൂർ മാറി.

നിയമസഭാ പരിസ്ഥിതി സമിതിയുടെ എ. വി. താമരാക്ഷൻ കമിറ്റി റിപ്പോർട്ട് പ്രകാരം ഒരു വർഷം 3 കോടി തീർത്ഥാടകർ ഗുരുവായൂരിലെത്തുന്നു. ഇത്ര വലിയൊരു ജനപ്രവാഹത്തെ ഉൾക്കൊള്ളാനുള്ള ശേഷി ഈ തീർത്ഥാടന നഗരിക്കില്ല. അതു തന്നെയാണ് കേരളത്തിലെ ഏറ്റവും വലിയ അധോലോക നഗരങ്ങളിലൊന്നായി, ഏറ്റവും മലിനമായ നഗരങ്ങളിലൊന്നായി ഗുരുവായൂർ മാറുന്നതിനുള്ള കാരണവും.